"ഭരണഭാഷ – മാതൃഭാഷ"
കേരളസംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം: 33,
ഫോണ് : 0471-2303856 , ഇമെയിൽ :cru.dttvpm@kerala.gov.in

**നം. ഡിറ്റി/1017/2026 - എ5** **തീയതി :12-03-2026**

# ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ് - സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ ആയിരുന്നവർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന സാക്ഷ്യപത്രം- സർക്കാർ സർവ്വീസിൽ പ്രവേശിക്കുമ്പോൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നമ്പർ **7/2026**/പി&എ.ആർ.ഡി തീയതി **04.02.2026.**

**************

സർക്കാർ സർവ്വീസിൽ സ്ഥിര നിയമനത്തിന് യോഗ്യത നേടുന്ന ഉദ്യാഗാർത്ഥികൾ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ ആയിരുന്നുയെങ്കിൽ, നിയമന ഉത്തരവ് ലഭിച്ച് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപായി ലഭിച്ചിരുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, ഇപ്രകാരമുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കി സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതാണെന്നും, ടി നിർദ്ദേശം മറികടന്ന് സർവ്വീസിലിരിക്കേ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്നത് കണ്ടെത്തുന്ന പക്ഷം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും സൂചന പ്രകാരം അറിയിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ ആയിരുന്നവർ വ്യാവസായിക പരിശീലന വകുപ്പിൽ നിയമനത്തിനായി ഹാജരാക്കുമ്പോൾ സൂചന ഉത്തരവ് പ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയെന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതും ആവശ്യമായ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി മേലൊപ്പ് ചാർത്തേണ്ടതുമാണ് എന്ന് കർശന നിർദ്ദേശം നൽകുന്നു. കൂടാതെ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ അല്ലാത്തവർ നിയമനത്തിനായി ഹാജരാക്കുമ്പോൾ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന സാക്ഷ്യപത്രം, ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഉദ്യോഗാ ർത്ഥികൾ മേലൊപ്പ് ചാർത്തി സ്ഥാപനമേധാവികൾക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

വാസുദേവൻ.പി
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

Digitally signed by
Vasudevan P
Date: 12-03-2026
10:46:03

സ്വീകർത്താവ്

1. എല്ലാ സ്ഥാപന മേധാവികൾക്കും

(വകുപ്പ് വെബ്സൈറ്റ് മുഖേനെ)

**2. ആസ്ഥാന കാര്യാലയത്തിലെ എ2, എ3, എ6, എ9 സീറ്റുകൾ**

<u>സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ അല്ലാത്തവർ നിയമനത്തിനായി ഹാജരാകുമ്പോൾ സമർപ്പിക്കേണ്ട സാക്ഷ്യപത്രം (മാതൃക)</u>

**<u>സാക്ഷ്യപത്രം</u>**

.............................. ...... ......... എന്ന ഞാൻ .................. തീയതിയിലെ ............... ..... നമ്പർ ഉത്തരവ് പ്രകാരം .................................................... എന്ന സ്ഥാപനത്തിൽ ......... ........... .................... എന്ന തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുമ്പോൾ എനിക്ക് നാളിതുവരെയോ നിലവിലോ സർക്കാരിന്റെ സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നില്ല എന്ന വിവരം സാക്ഷ്യപ്പെടുത്തുന്നു.

പേര് :
തസ്തിക :
ഒപ്പ് :

സ്ഥാപന മേധാവിയുടെ മേലൊപ്പ് :

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്ന ഭിന്നശേഷി/വിധവ മുതലായ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ബി) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/P&ARD തീയതി, തിരുവനന്തപുരം, 04-02-2026

പരാമർശം:- 23.09.2020-ലെ സ.ഉ.(എം.എസ്)നം.97/2020/ ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ പരാമർശം ഒന്ന് ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവീസിലും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും കേരള പി.എസ്.സി മുഖേനയോ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമോ, സ്പോർട്സ് ക്വാട്ട മുഖേനയോ സ്ഥിര നിയമനം ലഭിക്കുന്ന ഭിന്നശേഷി/വിധവ മുതലായ വിവിധ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളായിരുന്നുവെങ്കിൽ അത്തരം ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച ശേഷം പ്രസ്തുത പെൻഷൻ കൈപ്പറ്റുന്നത് പരാമർശം ഒന്ന് ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ പി.എസ്.സി മുഖേന നേരിട്ടും അല്ലാതെയും സർക്കാർ സർവ്വീസിൽ സ്ഥിര നിയമനത്തിന് യോഗ്യത നേടുന്ന ഭിന്നശേഷി/ വിധവ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമനം ലഭിച്ച് സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് മുൻപ് തന്നെ അവർക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിച്ച് വന്നിരുന്നുവെങ്കിൽ ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വമേധയാ സ്വീകരിക്കേണ്ടതും ഇപ്രകാരം റദ്ദ് ചെയ്തിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതുമാണ്.

അവശ്യ വിഭാഗങ്ങൾക്ക് സർക്കാർ നൽകി വരുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ സ്ഥിര വരുമാനമുള്ള ജീവനക്കാർ അനർഹമായി കൈപ്പറ്റുന്നില്ല എന്ന് അതത് വകുപ്പ് മേധാവികൾ/സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.സർവീസിൽ പുതിയതായി പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളുടെ ആദ്യഘട്ട നിയമന നടപടികൾ പൂർത്തിയാക്കുന്ന വേളയിൽ തന്നെ നിയമനാധികാരികൾ/ വകുപ്പ് മേധാവികൾ ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. സർക്കാർ നിർദ്ദേശം മറികടന്നുകൊണ്ട് ഏതെങ്കിലും ജീവനക്കാർ സർവീസിലിരിക്കെ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നത് കണ്ടെത്തുന്ന പക്ഷം അവർക്കെതിരെ വകുപ്പ് മേധാവികൾ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും,

സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
പൊതുഭരണ (സർവീസസ് ഡി ) വകുപ്പിനും
എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും, ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.pard.kerala.gov.in -ൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivakumar. G
Date: 05-02-2026 17:00:40
സെക്ഷൻ ഓഫീസർ